## കൺസ്യൂമർ ന്യൂസ് പ്രസിദ്ധീകരണങ്ങൾ

| | | |
|---|---|---|
| 1. | ഉപഭോക്തൃ സംരക്ഷണ നിയമം സാധാരണക്കാരന്റെ നിയമം | വില 2 രൂപ |
| 2. | വനിതകളും ഉപഭോക്തൃ സംരക്ഷണ നിയമവും | വില 2 രൂപ |
| 3. | ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിൽ പരാതി സമർപ്പിക്കുന്നതെങ്ങനെ? | വില 5 രൂപ |
| 4. | പോലീസും ജനങ്ങളും | വില 5 രൂപ |
| 5. | അളവുകളും തൂക്കങ്ങളും ഒരു വിശദീകരണം | വില 2 രൂപ |
| 6. | മായം ചേർക്കൽ കണ്ടുപിടിക്കുന്നതെങ്ങനെ | വില 2 രൂപ |
| 7. | തിരഞ്ഞെടുത്ത തർക്കപരിഹാര ഫോറം വിധികൾ | വില 5 രൂപ |
| 8. | ഉപഭോക്തൃ സംരക്ഷണ നിയമം 1986 199 ' ലെ ഭേദഗതികൾ ഉൾപ്പെടെ | വില 5 രൂപ |
| 9 | എന്തിനെല്ലാം പരാതിസമർപ്പിക്കാം? | വില2രൂപ |
| 10 | ഉപഭോക്താക്കൾ അറിയേണ്ടും കാര്യങ്ങൾ | വില2 രൂപ |
| 11 | വിജ്ഞാപന വിപ്ലവം | വില 25 രൂപ |
| 12 | യുവതീയുവാക്കൾ അറിയേണ്ടും കാര്യങ്ങൾ | വില 10 രൂപ |
| 13 | ഹായ് ഐസ്ക്രീം (നിയമം കുട്ടികൾക്ക്) | വില 3 രൂപ |
| 14 | അഭിഭാഷകരെക്കുറിച്ച് നിങ്ങൾക്ക് എന്തറിയാം? | വില 5 രൂപ |
| 15 | ലഹരിയും ഉപഭോക്താവും | വില 2 രൂപ |
| 16 | കർഷകനും ഉപഭോക്തൃ സംരക്ഷണ നിയമവും | വില 3 രൂപ |
| 17 | വൈദ്യുതിയും ഉപഭോക്താവും | വില 5 രൂപ |
| 18 | കെട്ടിടനിർമ്മാണവും ഉപഭോക്തൃസംരക്ഷണ നിയമവും | വില 5 രൂപ |
| 19 | ഉണരൂ സമയമായി | വില 1 രൂപ |
| 20 | ഇതാ നമ്മുടെ രാജാക്കന്മാർ | വില 1 രൂപ |
| 21 | അറസ്റ്റ് (നിയമം കുട്ടികൾക്ക്) | വില 7 രൂപ |
| 22 | അറസ്റ്റ്-നിങ്ങളുടെ അവകാശങ്ങൾ | വില 5 രൂപ |
| 23 | എയ്ഡ്സ് | വില 5 രൂപ |
| 24 | പഞ്ചായത്തീരാജും-ഉപഭോക്താവും | വില 5 രൂപ |
| 25 | ഇന്ത്യൻ ഭരണഘടന (സാധാരണ ജനങ്ങൾക്ക്) | വില 100രൂപ |
| 26 | ടെലിഫോണും ഉപഭോക്തൃ സംരക്ഷണനിയമവും | വില 20രൂപ |
| 27 | സ്ത്രീകളും ഇന്ത്യൻ ഭരണഘടനയും | വില 5രൂപ |
| 28 | പൊതു താല്പര്യ വ്യവഹാരം | വില15 രൂപ |
| 29 | സമ്മാനം [ഉപഭോക്തൃ സംരക്ഷണപ്രവർത്തകർക്കുള്ളഗൈഡ് | വില 60രൂപ |
| 30 | വിവാഹിതരാകുന്നവർക്ക് ഒരുഗൈഡ് | വില 10 രൂപ |
| 81 | റോഡപകടങ്ങൾ-നിങ്ങൾ എന്തുചെയ്യണം | വില2 രൂപ |
| 32 | ഡിസംബർ 26 | വില 5 രൂപ |
| 33 | മനുഷ്യാവകാശം | വില 5 രൂപ |
| 34 | തയ്യൽ തൊഴിലാളികളും ഉപഭോക്തൃ സംരക്ഷണനിയമവും | വില 5 രൂപ |

പണം മണിഓർഡറായി മുൻകൂർ അയക്കുക.

കോപ്പികൾക്ക്,

കൺസ്യൂമർന്യൂസ് ബുക്ക് ക്ലബ്ബ്, എടൂർ പായം 670 704

നോസർ ഇന്ത്യ
നോസർ ഗ്രാമം
പി. ഒ. കാങ്കോൽ-670 337
കണ്ണൂർ ജില്ല.
984724010
9847886566
984718857

# സ്ത്രീകളും

## പിൻതുടർച്ചാവകാശ നിയമവും

അഡ്വ. പി. വി. കൊച്ചുത്രേസ്യ
എറണാകുളം

ഒരു നോസർ-ഇന്ത്യ പായം-670704 [S 410/93]
പ്രസിദ്ധീകരണം

☎ 0490-491475, 491008

സ്ത്രീ ശാക്തീകരണ വർഷം പ്രമാണിച്ച്
പ്രസിദ്ധീകരിക്കുന്ന ആദ്യ പുസ്തകം

സംഭാവന അഞ്ചു രൂപ

പ്രിയസഹോദരി സഹോദരൻമാരെ,

ഇന്ത്യാഗവർമ്മെണ്ട് 2001 വർഷത്തെ സ്ത്രീശാക്തീകരണ വർഷമായി പ്രഖ്യാപിച്ചിരിക്കുകയാണ്, നമ്മുടെ ഭരണഘടന സ്ത്രീക്കും, പുരുഷനും തുല്യ അവകാശം നൽകിയിരിക്കുന്നു. സ്ത്രീ കൂടുതൽ ചൂഷണത്തിന് ഇരയാകുന്നതുകൊണ്ട് നിയമപരമായി കൂടുതൽ സംരക്ഷയും സ്ത്രീക്ക് നല്കിയിട്ടുണ്ട്. എന്നാൽ നിയമങ്ങളെകുറിച്ച് അറിവില്ലാത്തതിനാൽ സ്ത്രീ എപ്പോഴും ചൂഷണത്തിനിരയാകുന്നു.

സ്ത്രീകൾ നിയമങ്ങളെകുറിച്ച് അറിഞ്ഞതുകൊണ്ടുമാത്രം കാര്യമില്ല. അറിഞ്ഞ നിയമങ്ങൾ പ്രാവർത്തികമാക്കാൻ സാധിക്കണം. ഇതിന് വേണ്ട അറിവും ശക്തിയും നല്കേണ്ടത് സന്നദ്ധസംഘടനകളാണ് സ്ത്രീകൾ തങ്ങളുടെ അവകാശങ്ങൾ നേടി എടുക്കുന്നത് പുരുഷൻമാർക്ക് എതിരായിട്ടല്ല. പുരുഷൻമാരെയും, സ്ത്രീകളെയും സമൂഹത്തിൽ നിന്നും വേർതിരിക്കുവാൻ സാധിക്കുകയില്ല, സ്ത്രീയും പുരുഷനും കൂടിയാൽമാത്രമെ സമൂഹം മുന്നോട്ടു നീങ്ങുകയുള്ളു ഈ യാഥാർത്ഥ്യം മനസ്സിലാക്കികൊണ്ട് സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കുവാൻ നമുക്ക് ഒന്നായിശ്രമിക്കാം

സ്ത്രീ ശാക്തീകരണ വർഷം പ്രമാണിച്ച് സ്ത്രീകൾക്കായി പത്തു പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയാണ് നോസർ ഇന്ത്യയുടെ ഉദ്ദേശം. നിങ്ങളുടെ എല്ലാവരുടെയും സഹകരണം സ്നേഹപൂർവ്വം പ്രതീക്ഷിക്കുന്നു.

നോസർ–ഇന്ത്യയുടെ സ്ത്രീ ശാക്തീകരണപ്രവർത്തനങ്ങളിൽ സഹകരിക്കുവാനും, നോസർ സ്നേഹസാന്ദ്രം, വിവിധ നിയമ പഠനക്ലാസ്സുകൾക്കും നിങ്ങളുടെ സഹായം അഭ്യർത്ഥിക്കുന്നു.

നിങ്ങൾ കടമകൾ നിർവ്വഹിച്ച് അവകാശങ്ങൾ നഷ്ടപ്പെടുന്ന ഏതവസരത്തിലും ഞങ്ങൾ നിങ്ങളെ സഹായിക്കുവാൻ തയ്യാറാണ്.

നന്ദിയോടെ,

**എം. വി മാത്യു**

അശോകഫൊലാ, പ്രസിഡൻറ്

നോസർ-ഇന്ത്യ.

# സ്ത്രീകളും പിൻതുടർച്ചാവകാശ നിയമവും

ഭാരതത്തിൽ മൂന്ന് പിൻതുടർച്ചാവകാശ നിയമമാണുള്ളത്. ഹിന്ദു പിൻതുടർച്ചാവകാശനിയമം, ഇന്ത്യൻ പിൻതുടർച്ചാവകാശ നിയമം, മുസ്ലീം പിൻതുടർച്ചാവകാശനിയമം. ഒരു വ്യക്തി സ്വന്തം വസ്തുവകകളെ സംബന്ധിച്ച് ആരെയും അവകാശപ്പെടുത്തി വിൽപത്രമോ മററ് കാരണങ്ങളൊ എഴുതിവെയ്ക്കാതെ മരിക്കാനിടയായാൽ ആ ആളുടെ സ്വത്തുക്കൾക്ക് അവകാശികളെ നിശ്ചയിക്കുന്നതാണ് പിൻതുടർച്ചാവകാശ നിയമങ്ങൾ.

വീരശൈവ, ലിംഗയത്തു ബ്രഹ്മ പ്രാർത്ഥന, ആര്യസമാജ വിശ്വാസികൾ ഉൾപ്പെടെയുള്ള എല്ലാഹിന്ദുക്കൾക്കും, ബുദ്ധ,ജൈന, സിക്കുമതക്കാർക്കും, മുസ്ലീം ,ക്രിസ്ററ്യൻ, പാർസി, ജൂതൻമാരല്ലാത്ത ഏതൊരാൾക്കും (ആയാൾക്ക്, ഹിന്ദുനിയമം ബാധകമല്ല എന്ന് തെളിയിക്കാത്തപക്ഷം) ബാധകമായിട്ടുള്ളത്. 1956ലെ ഹിന്ദു പിൻതുടർച്ചാവകാശ നിയമമാണ്. ഈ നിയമത്തിന് വിപരീതമായി മുമ്പുണ്ടായിരുന്ന എല്ലാ ഹിന്ദു നിയമങ്ങളും ഈ നിയമത്താൽ റദ്ദായിരിക്കുന്നു. ഈ നിയമം സ്പെഷ്യൽ വിവാഹനിയമപ്രകാരം വിവാഹിതരായവരുടെ വസ്തുക്കൾക്കും, മുൻ ഇന്ത്യൻ ഭരണാധികാരികളും ഇന്ത്യൻ സർക്കാരും തമ്മിലുള്ള കരാറുകളിൽ ഉൾപ്പെട്ട വസ്തുക്കളെ സംബന്ധിച്ചും, വലിയതമ്പുരാൻ ഭരാവകാശം എസ്റ്റേററ് കൊട്ടാരം ഫണ്ട് ഇവർക്കും ബാധകമല്ല.

ഹൈന്ദവ പുരുഷന്റെ സ്വത്ത്, ഭാര്യ, മക്കൾ, അമ്മ ഇവർക്ക് തുല്യമായി ലഭിക്കുന്നു. ഒന്നിൽ കൂടുതൽ ഭാര്യമാരുണ്ടെങ്കിൽ ഭാര്യയുടെ ഓഹരി അവർക്കെല്ലാം തുല്യമായി കിട്ടുന്നു. ടി ഒന്നാംഗ്രേഡ് അവകാശികൾ ഇല്ലെങ്കിൽ (1)പിതാവ് [2]മകന്റെമകളുടെമകൾ സഹോദരി/സഹോദരൻമാർ ( )മകളുടെ മകന്റെ മക്കൾ, [4]സഹോദരിസഹോദരൻമാരുടെ മക്കൾ (5)അച്ഛന്റെ അച്ഛനമ്മമാർ(6)അച്ഛൻ

റയോ സഹോദരൻമാരുടെയോ വിധവമാർ (7)അച്ഛൻെറ സഹോദരി/സഹോദരൻമാർ [8] അമ്മയുടെഅച്ഛനമ്മമാർ 9)അമ്മയുടെ സഹോദരി/സഹോദരൻമാര ഇവർക്ക് ലഭിക്കുന്നു ഈ2ാംക്ലാസ് അവകാശികളിൽ ഓരോതരത്തിലും ഉള്ളവർ മററ് പിന്നിലുള്ളവരെ പുറന്തള്ളുന്നു. ഒരേതരത്തിലു ഉള്ളവർ.തുല്യമായി എടുക്കുന്നു. ടി 2ക്ലാസു അവകാശികളും ഇല്ലെങ്കിൽ പിന്നീടുള്ള പിതൃബന്ധുക്കൾക്കും അവരും ഇല്ലെങ്കിൽ മാതൃബന്ധുക്കൾക്കും ലഭിക്കുന്നു. മരിച്ചമകൻെറഓഹരിഅവരുടെ മക്കൾക്കും വിധവമാർക്കും തുല്യമായി കിട്ടുന്നു. പിതൃബന്ധുക്കളിലും മാതൃബന്ധുക്കളിലും ബന്ധത്തിൻെറ അടുപ്പം നോക്കി ഏററവും അടുപ്പമുള്ളവർക്ക് മുൻഗണന കിട്ടുന്നു. ഒരേ മുൻഗണനാക്രമത്തിലുള്ളവർ തുല്യമായി എടുക്കുന്നു. മുൻഗണന കണക്കാക്കുമ്പോൾ മരിച്ചവനെക്കൂടി ഉൾപ്പെടുത്തി മുന്നോട്ടും പിന്നോട്ടും തലമുറഎണ്ണിതിട്ടപ്പെടുത്തുന്നു.

ഹൈന്ദവ സ്ത്രീക്ക് മുൻപുണ്ടായിരുന്ന എല്ലാവിധ പരിമിധ അവകാശവും പൂർണ്ണാവകാശമാക്കി അവർക്ക് യഥേഷ്ടം ടി.സ്വത്ത് കൈകാര്യം ചെയ്യാം. അവരുടെ സ്വത്ത് മരണശേഷം മക്കൾക്കും ഭർത്താവിനും തുല്യമായി ലഭിക്കുന്നു. അവരുടെ അഭാവത്തിൽ ഭർത്താവിൻെറ അവകാശികൾക്കും, അവരും ഇല്ലാത്തപക്ഷം അച്ഛനമ്മമാർക്കും അവരും ഇല്ലെങ്കിൽ അച്ഛൻെറഅവകാശികൾക്കും, അവരും ഇല്ലെങ്കിൽ അമ്മയുടെ അവകാശികൾക്കും തുല്യമായി ലഭിക്കുന്നു. മരിച്ചമക്കളുടെവിഹിതം അവരുടെ മക്കൾക്കും തുല്യമായി ലഭിക്കുന്നു. എന്നാൽ അഛ്ഛനമ്മമാരിൽനിന്ന് ലഭിച്ച സ്വത്ത്അഛ്ഛൻെറ അവകാശികൾക്കും, ഭർത്താവിൽ നിന്നോ ഭർതൃപിതാവിൽ നിന്നോ ലഭിച്ച സ്വത്ത് ഭർത്താവിൻെറ അവകാശികൾക്കും മാത്രമേ ലഭിക്കൂ ഒരേ ഗ്രേഡിലുള്ളവർക്ക് തുല്യ അവകാശമാണ്.

ഈ നിയമത്തിന് മുമ്പ് മരുമക്കത്തായം അലിയ സന്താനം നിയമം ബാധകമായിരുന്നവർക്ക് ഒന്നും രണ്ടും ക്ലാസു അവകാശികൾക്ക് ശേഷം 3–ാംക്ലാസും അവകാശികളായി പിതൃ–മാതൃ ബന്ധുക്കൾ തമ്മിലു അടുപ്പ ക്രമത്തിലാണ്, എന്നാൽ അവരിലെ സ്ത്രീകളുടെ സ്വത്ത് 1) മക്കളും. മരിച്ചമക്കളുടെ മക്കളും, അമ്മയും 2) അച്ഛനും ഭർത്താവും 3) അമ്മയുടെ അവകാശികൾ 4) അച്ഛൻെറ അവകാശികൾ 5] ഭർത്താവിൻെറ അവകാശികൾ എന്നക്ര



മത്തിലാണ് എന്നാൽ ഭർത്താവിൽ നിന്നോ ഭർതൃപിതാവിൽ നിന്നോ കിട്ടുന്നസ്വത്ത് ഭർത്താവിൻെറ അവകാശികൾക്കെ ലഭിക്കൂ.

ഓരോ ഗ്രേഡിലും പൂർണ്ണ ബന്ധമുള്ളവക്ക് അർദ്ധബന്ധക്കാരേക്കാൾ മുൻഗണന കിട്ടുന്നു. ഗർഭസ്ഥശിശുവിനും അവകാശം ഉണ്ട്. രണ്ട് വ്യക്തികൾ ആരാണ് ആദ്യം മരിച്ചതെന്ന് തീരുമാനിക്കാൻ പററാത്തവിധം ഒപ്പം മരിച്ചാൽ പ്രായം കൂടിയ ആൾ ആദ്യം മരിച്ചതായി അനുമാനിക്കുന്നു. 1–ാം ഗ്രേഡിലുള്ള ഒന്നിൽ കൂടുതൽ പേർ കൂട്ടുസ്വത്തിനൊ ബിസിനസ്സിനൊ അവകാശികളാകയും അവരിലാരെങ്കിലും അവരുടെ ഓഹരി വിൽക്കുന്നതിന് തയ്യാറാക്കുകയും ചെയ്താൽ ആത് വാങ്ങുന്നതിന് മററവകാശികൾക്ക് മുൻഗണനാവകാശം ഉണ്ട്. ടി അവകാശത്തിൻെറ പ്രതിഫലം കക്ഷികൾ തമ്മിൽ ധാരണയാകുന്നില്ലെങ്കിൽ കോടതിമുഖേന നിശ്ചയിക്കാവുന്നതാണ്. അപ്രകാരം കോടതി വഴി നിശ്ചയിക്കുന്ന പ്രതിഫലം കൊടുത്തു ടി ഓഹരി വാങ്ങാൻ കൂട്ടാക്കാത്തവരിൽ നിന്നും ടി കോടതി ചിലവും മററും വില്ക്കാൻ തയ്യാറായവന് കിട്ടുന്നതാണ്. ഒന്നാംഗ്രേഡിലെ സ്ത്രീ അവകാശികൾക്കാർക്കെങ്കിലും എല്ലാവരും താമസിക്കുന്ന കുടുംബവീട് ഓഹരിയിൽ ചേർത്ത് കിട്ടുന്നെങ്കിൽ പുരുഷ അവകാശികൾ ടി വീടിൻെറ അവരുടെ ഓഹരി വില്ക്കാൻ തയ്യാറായാൽ മാത്രമെ സ്ത്രീക്ക് ടി വീട് ഓഹരി ഭാഗിച്ചു കിട്ടാൻ അർഹതയുള്ളൂ. എന്നാൽ സ്ത്രീ അവകാശിക്ക് വീട്ടിൽ താമസിക്കുന്നതിന് അവകാശമുണ്ട്. അത് മകളാണെങ്കിൽ അവിവാഹിതയായിരിക്കുന്നതുവരെയൊ, വിധവയായലൊ, ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവളെങ്കിലൊ മാത്രമെ ലഭിക്കൂ. മകൻ, മകൻെറമകൻ, സഹോദരൻ ഇവരുടെ വിധവമാർക്കുള്ള സ്വത്തവകാശം പുനർവിവാഹംവരെ മാത്രമായുള്ളു. കൊല്ലപ്പെട്ട ആളുടെ സ്വത്ത് കൊലയാളിക്ക് കിട്ടുന്നതല്ല മതംമാറി അഹിന്ദുവായിരിക്കുന്നകാലം അയാൾക്കും അവരുടെ അനന്തരാവകാശികൾക്കും ഹിന്ദുബന്ധുക്കളുടെ സ്വത്തിനവകാശമില്ല. അവകാശികൾ ആരും ഇല്ലാത്തവരുടെ സ്വത്ത് ടി യാൻെറ ബാദ്ധ്യതകളോടെ സർക്കാരിൽ ലയിക്കുന്നു

മേൽ വിവരിച്ചവരും മുസ്ലീമും ഒഴികെയുള്ളവർക്ക് ഇൻഡ്യൻ പിൻതുടർച്ചാവകാശമാണ് ബാധകം. സ്വത്തിൽ ഭാര്യക്കു മക്കൾക്കുംതുല്യമായി ലഭിക്കുന്നു, മക്കളില്ലെങ്കി

ൽ വിധവക്ക് ½യും മററുപകുതി മററ് ബന്ധുക്കൾക്കുമായി വീതിക്കും. എന്നാൽ മക്കളൊന്നും ഇല്ലെങ്കിൽ മുഴുവനും ഭാര്യക്ക് ലഭിക്കുന്ന സാഹചര്യവും ഉണ്ട്. 5000/–രൂപവരെമൂല്യമുള്ളപക്ഷം മുഴുവനും കിട്ടും. അതിൽ കൂടുതലായാൽ 5000/–രൂപവരെയുള്ള ഓഹരി കിട്ടുന്നതുംമുഴുവൻ സ്വത്തും ടി ഓഹരിക്ക് പലിശ സഹിതം ആദ്യചാർജ്ജായിരിക്കുന്നതുമാണ്. 5000/–രൂപ നിബന്ധന ഇൻഡ്യൻ ക്രിസ്ത്യാനികൾക്കും സ്പെഷ്യൽ വിവാഹനിയമ പ്രകാരം വിവാഹിതരായവർക്കും ബാധകമല്ല. സ്ത്രീസ്വത്തിൽ ഭർത്താവിനും ഇതേനിയമപ്രകാരം അവകാശം ലഭിക്കുന്നു. മക്കൾ തമ്മിൽ തുല്യവീതം, മക്കളും മരിച്ചമക്കളുടെ മക്കളും തമ്മിൽ മരിച്ചവരുടെ ഓഹരി അവരുടെ മക്കൾക്കും വിധവക്കും എന്ന ക്രമത്തിലും, മക്കളെല്ലാം മരിച്ചവരുടെ മക്കൾമാത്രം ജീവിച്ചിരുന്നാൽ അവർ തമ്മിൽ തുല്യവും സ്വത്ത് ഭാഗിക്കുന്നു. അപ്രകാരംമററു ബന്ധങ്ങൾക്കിടയിലും തലമുറതട്ടുക്രമത്തിൽ തുല്യമായി വീതിക്കുന്നു. മരിച്ച അവകാശിയുടെ വീതം അവരുടെ മക്കൾക്കു തുല്യമായി ലഭിക്കുന്നു.

മക്കളില്ലാത്തപ്പോൾ ഭാര്യക്ക് ½ഓ 5000/–രൂപയുടേതൊ മാത്രം കിട്ടുന്ന അവസരത്തിൽ ബാക്കി പിതാവിനും, പിതാവില്ലെങ്കിൽ അമ്മക്കും സഹോദരങ്ങൾക്കും തുല്യമായും, മരിച്ച സഹോദരങ്ങളുടെ വീതം അവരുടെ മക്കൾക്ക് തുല്യമായും കിട്ടുന്നു. എന്നാൽ അമ്മ മാത്രമെ ഉള്ളൂ എങ്കിൽ മുഴുവൻ സ്വത്തും അമ്മക്കുപോകും. ഇവരാരും ഇല്ലെങ്കിൽ അടുത്ത ബന്ധുക്കൾക്ക് തലമുറതെരുപ്പത്തിൽ തുല്യമായി കിട്ടുന്നു. എന്നാൽ ജീവിച്ചിരിക്കെ അവകാശികൾക്കു കൊടുത്ത സ്വത്ത് മരണശേഷം വീതത്തിൽ കണക്കാക്കാൻ പാടില്ല. പാർസിയുടെ പിൻതുടർച്ചാവകാശം പ്രത്യേകമാണ്.

മുസ്ലിം നിയമത്തിൽ 4 ശാഖകൾ ഉണ്ട് അവ ഹാനഫി ഇത്തനാഷാരി, ഷാഫി, ഇസ്മയലി, എന്നിവയാണ്. തമിഴ് നാട്, കേരളാ, ആന്ധ്രപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ മുസ്ലീമുകൾക്ക് സാധാരണയായി ഹനാഫി നിയമമാണ് ബാധകം മററു നിയമങ്ങളെക്കാൾ വളരെ വിഷമം പിടിച്ചതും യാതൊരുവിധ തുല്യതയും ഇല്ലാത്തതാണ്. മുസ്ലിം പിൻതുടർച്ചാവകാശം ഇസ്ലാം മതത്തിന് മുൻപുണ്ടായിരുന്ന നിയമങ്ങൾ ഖുറാൻ ചട്ടങ്ങൾ അനുസരിച്ച് രൂപ ഭേദപ്പെടുത്തിയിരിക്കുന്നതാണ് ഹാനഫി നിയമം ഇതനുസരിച്ച് 1–ാം ക്ലാസും അവകാശികൾ 1] ഭാര്യ/ഭർത്താവും 2] അമ്മ (ഇവർ നിരുപാധികവും) 3] ഉമ്മയുടെയും വാപ്പയുടെയും



ഉമ്മ 4) അമ്മവഴി സഹോദരി സഹോദരന്മാർ 5) മകൾ 6) മകന്റെ മകൾ, 7) വാപ്പ 8) വാപ്പയുടെവാപ്പ 9) പൂർണ്ണസഹോദരി 10) വാപ്പവഴി സഹോദരി എന്നിവരാണ്. ഉമ്മയില്ലാത്തപ്പോൾ മാത്രം മൂത്തുമ്മയും. ഉമ്മയും വാപ്പയും ഇല്ലെങ്കിൽ മൂത്താപ്പയും, മക്കളും മക്കളുടെ മക്കളും ഇല്ലെങ്കിൽ മാത്രം ഉമ്മവഴി സഹോദരീസഹോദരന്മാരും, മകൻ ഇല്ലെങ്കിൽ മകൾക്കും, മകനൊ മകന്റെ മകനൊ, ഒന്നിൽ കൂടുതൽ പെൺമക്കളൊ ഇല്ലെങ്കിൽ മകന്റെ മകളും, മക്കളൊ മകന്റെ മക്കളൊ ഉണ്ടെങ്കിൽ വാപ്പയും, വാപ്പയില്ലെങ്കിൽ വാപ്പയുടെ സ്ഥാനത്ത് മൂത്താപ്പയും, മക്കളും അവരുടെ മക്കളും വാപ്പയും മററും ഇല്ലെങ്കിൽ പൂർണ്ണസഹോദരിയും, മക്കളൊ അവരുടെ മക്കളൊ വാപ്പ ഉപ്പാപ്പ. പൂർണ്ണ സഹോദരി ഇവരില്ലെങ്കിൽ മാത്രം പിതാവിൽ കൂടിയുള്ള സഹോദരിയും അവകാശിയാകുന്നുള്ളൂ.

2–ാം ക്ലാസ് അവകാശികൾ താഴെവിവരിക്കുന്നവരാണ്

1) മകൻ — നിരുപാധികവും, മകൾ — മകനും കൂടിഉള്ള പക്ഷവും

മകന്റെ മകൻ — മകനില്ലാത്തപക്ഷം മകന്റെ മകൾ മകനൊ 2 ൽ കൂടുതൽ പെൺമക്കളൊ മകന്റെ ആൺമക്കളൊഇല്ലാത്തപക്ഷവും,

2) വാപ്പ — മക്കളൊഅവരുടെ മകനൊ ഇല്ലാത്തപ്പോൾ

വാപ്പ ഇല്ലെങ്കിൽ മൂത്താപ്പ — ടി നിബന്ധനകൾക്ക് ബാധകമായി

3) പൂർണ്ണസഹോദരൻ — മുകളിൽവിവരിച്ചവർഇല്ലാത്തപ്പോൾ.

പൂർണ്ണസഹോദരി — മുൻ വിവരിച്ചവർ ഇല്ലാത്തപ്പോൾ.

പിതൃവഴിസഹോദരൻ — പൂർണ്ണസഹോദരങ്ങൾ ഇല്ലാത്തപ്പോൾ.

പിതൃവഴിസഹോദരി — മുൻവിവരിച്ചവർഇല്ലാത്തപ്പോൾ.

സഹോദരൻെറആൺമക്കൾ — മുൻവിവരിച്ചവർ ഇല്ലാത്തപ്പോൾ.

4) പൂർണ്ണപിതൃസഹോദരൻ — മുൻവിവരിച്ച വർ ഇല്ലെങ്കിൽ.

പിതൃവഴിക്കുള്ള സഹോദരൻ — മേൽപറഞ്ഞവർ ഇല്ലെങ്കിൽ

പിതൃ സഹോദര ആൺമക്കൾ — മററുള്ളവർ ഇല്ലെങ്കിൽ

## ക്ലാസു 3 അവകാശികൾ.

I 1) മകളുടെ മക്കളും അവരുടെ അനന്തരവകാശികളും

2] മാതൃവഴിക്കുള്ള മുത്താപ്പമാർ, 3 പൂർണ്ണസഹോദരങ്ങൾ, പിതൃ വഴി സഹോദരങ്ങൾ, മരുമക്കൾ ഇവരുടെ പെൺമക്കളും അനന്തരവകാശികളും, 4) പൂർണ്ണമൊ പിതൃവഴിക്കുള്ളതൊ ആയ പിതൃ സഹോദരൻമാരുടെ പെൺമക്കളൊ അവരുടെ മക്കളൊ അവരുടെ അനന്തരാവകാശികളൊ 2-ാം ക്ലാസിലെ ആൺമക്കളുടെ പെൺമക്കളുടെ കുട്ടികളും അനന്തരവകാശികളും.

II ഉമ്മവഴിക്കുള്ള മൂത്തമ്മമാർ,

III ഉമ്മവഴി സഹോദരങ്ങളുടെ കുട്ടികളും അനന്തരാവകാശികളും,

IV മാതൃവഴി പിതൃസഹോദരൻ, അവരുടെ കുട്ടികൾ, പിതൃവഴിസഹോദരിമാർ, അവരുടെ കുട്ടികൾ, മാതൃസഹോദരൻ അവരുടെ കുട്ടികൾ ഇവരും 3-ാംക്ലാസു അവകാശികളാണ്.

ഒന്നും രണ്ടും ക്ലാസു അവകാശികൾ ഒരേസമയം അവകാശികളെങ്കിലും 1-ാം ക്ലാസിൽ ഭാഗിച്ചതിന് ശേഷമുള്ളത 2-ാം ക്ലാസു അവകാശികൾക്ക് കിട്ടൂ. ഒന്നുംരണ്ടും ക്ലാസു അവകാശികൾ (ഭാര്യയും/ഭർത്താവും ഒഴികെ)3-ാംക്ലാസു അവ



കാശികളെ ഒഴിവാക്കുന്നു-ഭാര്യ/ഭർത്താവിൻെറ ക്ലിപ്ത ഓഹരി കഴിച്ചു ശേഷിക്കുന്നത് 3-ാം ക്ലാസിന് കിട്ടുന്നു. 3 ക്ലാസിലും ഭാര്യയും/ഭർത്താവു മാത്രം ജീവിച്ചിരിപ്പുണ്ടെങ്കിൽ മുഴുവൻ സ്വത്തും ഭാര്യാ ഭർത്താവിന് കിട്ടുന്നു. ആരും അവകാശിയില്ലെങ്കിൽ സ്വത്ത് സർക്കാരിന് പോകുന്നു.

## ക്ലാസു 1 അവകാശികളുടെ നിശ്ചിത ഓഹരി

I 1] ഭർത്താവ്-മക്കളും, മക്കളും മക്കളും ഇല്ലെങ്കിൽ $\frac{1}{2}$ ഉണ്ടെങ്കിൽ $\frac{1}{4}$

2) ഭാര്യ-മക്കളും മക്കളുംമക്കളും ഇല്ലെങ്കിൽ $\frac{1}{4}$ ഉണ്ടെങ്കിൽ $\frac{1}{8}$ നിരുപാധികം ഒന്നിൽ കൂടുതൽ ഭാര്യയുള്ളപ്പോൾ ടി ഓഹരി എല്ലാവരും തുല്യമായിട്ടെടുക്കുന്നു.

II ഉമ്മ-മുൻവിവരിച്ചഅവകാശികൾ ഇല്ലെങ്കിൽ $\frac{1}{3}$ ഉണ്ടെങ്കിൽ $\frac{1}{6}$ 1ൽ കൂടുതൽ സഹോദരർ ഉണ്ടെങ്കിലും $\frac{1}{6}$ ഭാര്യാ ഭർത്താവും ഉണ്ട്.
നിരുപാധികം മററാരും ഇല്ലെങ്കിൽ-അവരുടെ ഓഹരികഴിച്ച് $\frac{1}{3}$

III ഉമ്മയുടെയും ഉപ്പയുടെയും ഉമ്മമാർ-ഒരാളെങ്കിൽ $\frac{1}{6}$-കൂടുതലെങ്കിൽ എല്ലാവരും പങ്കിടുന്നു,

IV. ഉമ്മയുടെ സഹോദരങ്ങൾ-ഒരാളെങ്കിൽ $\frac{1}{6}$ കൂടുതലെങ്കിൽ $\frac{1}{6}$ പങ്കിടുന്നു,

V. മകൾ-ഒരാളെങ്കിൽഅര 1ൽകൂടുതൽ $\frac{2}{3}$ പങ്കിടുന്നു.

VI. മകൻെറ മകൾ- ഒരാളെങ്കിൽ അര 1ൽകൂടുതൽ $\frac{2}{3}$ പങ്കിടുന്നു.

മകൾ ഉള്ളപ്പോൾ മകൻെറ മക്കൾക്ക് $\frac{1}{6}$-മകൾക്ക് അര

VII. വാപ്പ ക്ലാസു 1 ലെ അവകാശം $\frac{1}{6}$ കൂടാതെ ക്ലാസു 2 ലേതും കിട്ടും

VIII. വാപ്പയുടെവാപ്പ-വാപ്പയില്ലെങ്കിൽവാപ്പയുടേതുപോലെ

IX. പൂർണ്ണ സഹോദരി–ഒരാളെങ്കിൽ അര ഒന്നിൽ കൂടുതൽ $\frac{2}{3}$ തുല്യമായി.

X. അമ്മ വഴി സഹോദരി– പൂർണ്ണസഹോദരിയേപ്പോലെ, എന്നാൽ ടി രണ്ടു കൂട്ടരും ഒപ്പം അവകാശികളായാൽ $\frac{1}{6}$ കൂടുതൽപേർ $\frac{1}{6}$ പങ്കിട്ടെടുക്കുന്നു.

## ക്ലാസും II അവകാശികൾ:

1. എല്ലാ ആൺ മക്കൾക്കും തുല്യം.
2. മകന്റെ പകുതി മകൾക്ക്.
3. പെൺമക്കൾ തമ്മിൽ തുല്യം.
4. വാപ്പയോ ടി യാന്റെ പകരക്കാരനൊ 1-ഉം 2ഉം ക്ലാസു അവകാശികളാണ്.
5. എല്ലാ പൂർണ്ണസഹോദരങ്ങളും, പിതൃസഹോദരങ്ങളും സഹോദരൻമാർ തുല്യമായും സഹോദരിമാർ തുല്യമായും എടുക്കുന്നു.

   സഹോദരന്റെ പകുതി-സഹോദരിക്ക്.
6. ക്ലാസ് 2-ൽ 4 വിഭാഗം അവകാശികളിൽ 1ാം വിഭാഗക്കാർ മററുള്ളവരെ എന്ന ക്രമത്തിൽ ഒഴിവാക്കുന്നു.
7. ക്ലാസ് 3-ൽ അപ്രകാരം തന്നെ.
8. ഏററവും അടുപ്പമുള്ള ബന്ധം അകന്നവരെ ഒഴിവാക്കും.
9. ഒരേ തലമുറ അവകാശികളിൽ 1ാം ക്ലാസു അവകാശികളിൽ കൂടി അവകാശപ്പെടുന്നവർക്ക് മുൻഗണന.
10. പിതാവിന്റെയും മാതാവിന്റെയും അച്ഛനമ്മമാർ അവകാശികളാകുമ്പോൾ അവർ 2:1 എന്ന ക്രമത്തിൽ എടുക്കുന്നു.


# സ്ത്രീ ശാക്തീകരണ വർഷം നോസർ-ഇന്ത്യ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ.

1) സ്ത്രീകളും പിൻതുടർച്ചാവകാശ നിയമവും
2) സ്ത്രീകളെ സംബന്ധിക്കുന്ന നിയമങ്ങൾ
3) മുലയൂട്ടലിന്റെ സംരക്ഷണത്തിനും പ്രോത്സാഹനത്തിനും ശൈശവാഹാരങ്ങളുടെ ശരിയായ ഉപയോഗം തീർച്ചയാക്കുന്നതിനും വേണ്ടിയുള്ള നിയമം-1992.
4) എയ്ഡ്സ് കൗൺസിലിംഗ്
5) എയ്ഡ്സ്– പ്രതിരോധം– കുട്ടികൾക്കുള്ള പഠന പരിപാടി
6) മുലയൂട്ടൽ– അമ്മയുടെ കടമ കുഞ്ഞിന്റെ അവകാശം കൗൺസിലിംഗ്.
7) മുലയൂട്ടൽ– വിജയകരമായ പത്തു നിർദ്ദേശങ്ങൾ.
8) വികലാംഗരുടെ അവകാശങ്ങൾ, 1996.
9) കുട്ടികളുടെ അവകാശങ്ങൾ.
10) വിവാഹവുമായി ബന്ധപ്പെട്ട കുററങ്ങൾ
11) പരിസ്ഥിതിയും– പ്ലാസ്റ്റിക്കും.
12) തടവുകാരുടെ അവകാശങ്ങൾ
13) ഉപഭോക്തൃ സംരക്ഷണ നിയമം– സ്ത്രീശക്തി.
14) യുവതി യുവാക്കൾ അറിയേണ്ടും കാര്യങ്ങൾ
15) പഞ്ചായത്ത് രാജ് നിയമം– സ്ത്രീക്ക് അംഗീകാരം.
16) അമ്മമാർ അറിയേണ്ടും കാര്യങ്ങൾ


Digitized by Thomas John Palekkudy for and on behalf of NILA Educational & Entrepreneurial Services Pvt. Ltd.
Thomas John Palekkudy